# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3731** **20.06.2019 - ൽ മറുപടിക്ക്.**

### ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ആർ. രാജേഷ് :** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** | |
| (എ) | മാവേലിക്കര മണ്ഡലത്തിൽ എത്ര കുടുംബങ്ങൾ വീതം മുൻഗണന-മുൻഗണനേതര വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | മാവേലിക്കര മണ്ഡലത്തിൽ മുൻഗണനാ വിഭാഗത്തിൽപ്പെട്ട 41,995 ഉം മുൻഗണനേതര വിഭാഗത്തിലുള്ള 53,426 ഉം കുടുംബങ്ങൾ ഉണ്ട്. |
| (ബി) | സ്വന്തമായി ഭൂമിയും വീടും ഇല്ലാത്തവർ, രോഗികൾ, വിധവകൾ, വികലാംഗർ എന്നിവരുൾപ്പെട്ട റേഷൻകാർഡുകൾ ബി.പി.എൽ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് പ്രസ്തുത വിഭാഗത്തിൽ പെട്ടവരെ ബി.പി.എൽ വിഭാഗത്തിൽ ഉൾപ്പെടുത്തുമോയെന്ന് വിശദമാക്കാമോ; | (ബി) | സ്വന്തമായി ഭൂമിയും വീടും ഇല്ലാത്തവർ, രോഗികൾ, വിധവകൾ, വികലാംഗർ എന്നിവരുൾപ്പെട്ട റേഷൻകാർഡുകൾ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | മാവേലിക്കര മണ്ഡലത്തിൽ എ.പി.എൽ. വിഭാഗത്തിൽ നിന്നും ബി.പി.എൽ. വിഭാഗത്തിലേക്ക് മാറ്റുന്നതിനായി 2016-17 മുതൽ നാളിതുവരെ നല്കിയ അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | മുൻഗണനേതര വിഭാഗത്തിൽ നിന്നും മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റുന്നതിനായി ആകെ ലഭിച്ച 6369 അപേക്ഷകളിൽ അന്വേഷണം നടത്തി 3114 റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. പുതുതായി ലഭിച്ച 1178 അപേക്ഷകളിൻമേലുള്ള അന്വേഷണവും തുടർ നടപടികളും പുരോഗമിക്കുന്നു. |

**സെക്ഷൻ ഓഫീസർ**